| 22–12–2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ, ബുദ്ധിയോഗം എപ്പോഴാണോ ദേഹ സഹിതം ദേഹത്തിന്റെ സർവ്വ സംബന്ധങ്ങളിൽ നിന്നും മുറിഞ്ഞുപോകുന്നത്, അപ്പോഴാണ് നിങ്ങളുടെ അവ്യഭിചാരിയായ സ്നേഹം ഒരു ബാബയോടൊപ്പം യോജിപ്പിക്കുവാൻ സാധിക്കുന്നത്.**

**ചോദ്യം**: നിങ്ങൾ കുട്ടികളുടെ മത്സരം ഏതാണ്? ആ മത്സരത്തിൽ മുന്നിലെത്തുവാനുള്ള ആധാരം എന്താണ്?
**ഉത്തരം** : പദവിയോടുകൂടി പാസ്സാവുക എന്നതാണ് നിങ്ങൾ കുട്ടികളുടെ മത്സരം, ഈ മത്സരത്തിന്റെ ആധാരമാണ് ബുദ്ധിയോഗം. എത്രയും ബുദ്ധിയോഗം ബാബയോട് വെയ്ക്കുന്നുവോ അത്രയും പാപം നശിക്കും പിന്നെ 21 ജന്മത്തേയ്ക്ക്അചഞ്ചലവും അഖണ്ഡവും സുഖ ശാന്തിമയവുമായ രാജ്യം പ്രാപ്തമാകുന്നു. ഇതിനുവേണ്ടി ബാബ നിർദ്ദേശം നല്കുകയാണ് – കുട്ടികളേ, നിദ്രയെ ജയിക്കുന്നവരാകൂ. ഒരു മണിക്കൂർ, അരമണിക്കൂർ എങ്കിലും ഓർമ്മിച്ച് ഓർമ്മിച്ച് അഭ്യാസത്തെ വർദ്ധിപ്പിക്കൂ. ഓർമ്മിക്കുന്നതിന്റെ കണക്ക് വയ്ക്കൂ.

**ഗീതം** : അങ്ങ് ഞങ്ങളിൽ നിന്നും വേറിടുകയില്ല, ഹൃദയത്തിൽ നിന്നുമുള്ള സ്നേഹവും പോകില്ല.......

**ഓംശാന്തി**. കുട്ടികൾ ഗീതം കേട്ടു. പ്രേമം എന്ന് പറയുന്നത് സ്നേഹത്തെയാണ്, നിങ്ങൾ കുട്ടികളുടെ സ്നേഹം പരിധിയില്ലാത്ത അച്ഛനായ ശിവനുമായി ബന്ധിക്കപ്പെട്ടിരിക്കുകയാണ്. നിങ്ങൾ ബി. കെകൾ മുത്തച്ഛൻ എന്നാണ് വിളിക്കുന്നത്. തന്റെ അച്ഛന്റെയും മുത്തച്ഛന്റെയും കർത്തവ്യത്തെ അറിയാത്ത ഒരു മനുഷ്യനും ഉണ്ടായിരിക്കില്ല. നമ്മൾ ബ്രഹ്മാകുമാർ കുമാരിമാരാണ് എന്ന് ഇത്രയധികം പേർ പറയുന്ന മറ്റൊരു സംഘടനയും ഉണ്ടായിരിക്കില്ല. മാതാക്കൾ കുമാരിമാർ അല്ല,പിന്നെ എന്തുകൊണ്ടാണ് ബ്രഹ്മാകുമാരി എന്ന് വിളിക്കുന്നത്? ഇവർ ബ്രഹ്മാ മുഖവംശാവലികളാണ്. ഇത്രയും ബ്രഹ്മാകുമാർ കുമാരിമാർ പ്രജാപിതാ ബ്രഹ്മാവിന്റെ മുഖവംശാവലികളാണ്. ഒരു അച്ഛന്റെ കുട്ടികളാണ്. ബ്രഹ്മാവിന്റെ കർത്തവ്യത്തെയും അറിയണം. ബ്രഹ്മാവ് ആരുടെ കുട്ടിയാണ്? ശിവന്റെ. ശിവന്റെ മൂന്ന് മക്കളായ ബ്രഹ്മാവും വിഷ്ണുവും ശങ്കരനും സൂക്ഷ്മവതന വാസികളാണ്. പ്രജാപിതാ ബ്രഹ്മാവ് സ്ഥൂലവതനവാസിയായിരിക്കണം. ഇവർ സർവ്വരും പറയുന്നത് പ്രജാപിതാ ബ്രഹ്മാവിന്റെ മുഖവംശാവലികൾ എന്നാണ്. ശരീരവംശാവലികൾ അല്ല. ഗർഭത്തിലൂടെ ജന്മം എടുക്കുന്നില്ല. എങ്ങനെയാണ് ഈ സർവ്വരും ബ്രഹ്മാകുമാർ കുമാരിമാർ ആകുന്നത് എന്ന് അവർ പിന്നെ ചോദിക്കുക്കുകയേയില്ല. മാതാക്കളും ബ്രഹ്മാകുമാരിമാരാണ് അപ്പോൾ തീർച്ചയായും ബ്രഹ്മാവിന്റെ കുട്ടികൾ ബ്രഹ്മാവിന്റെ മുഖവംശാവലികളാണ്. ഇവരെല്ലാം ഈശ്വരന്റെ സന്താനങ്ങളാണ്. ഈശ്വരൻ ആരാണ്?അത് പരംപിതാ പരമാത്മാവാണ്,രചയിതാവാണ്. ഏത് വസ്തുവാണ് രചിക്കുന്നത്? സ്വർഗ്ഗം. അപ്പോൾ തീർച്ചയായും തന്റെ പേരക്കുട്ടികൾക്ക് സ്വർഗ്ഗത്തിന്റെ സമ്പത്ത് നല്കും. രാജയോഗം പഠിപ്പിക്കുവാൻ ബാബയ്ക്ക് ശരീരം വേണം. ശിവബാബ ബ്രഹ്മാ മുഖവംശാവലികൾക്ക് വീണ്ടും രാജയോഗം പഠിപ്പിക്കുന്ന കാരണം വീണ്ടും സ്വർഗ്ഗത്തിന്റെ സ്ഥാപന നടത്തുകയാണ്. അല്ലാതെ ഇത്രയും ബ്രഹ്മാകുമാർ കുമാരിമാർ എവിടെ നിന്നുമാണ് വന്നത്?അതിശയം തന്നെയാണ് ആരും ധൈര്യത്തോടു കൂടി ചോദിക്കുന്നില്ല! എത്ര സെന്ററുകളുണ്ട്! താങ്കൾ ആരാണ് താങ്കളുടെ പരിചയം തരൂ എന്ന് ചോദിക്കേണ്ടതാണ്. പ്രജാപിതാ ബ്രഹ്മാവിന്റെ കുമാരന്മാരും കുമാരിമാരും പിന്നെ ശിവബാബയുടെ പേരക്കുട്ടികളുമാണ് എന്നത് സത്യമാണ്. നമ്മൾ ബാബയുടെ കുട്ടികളായിരിക്കുന്നു. ബാബയോട് നമുക്ക് സ്നേഹമുണ്ട്. ശിവബാബയും പറയുന്നു സർവ്വരോടുമുള്ള സ്നേഹം അഥവാ ബുദ്ധിയോഗം മാറ്റി എന്നിൽ മാത്രം വെയ്ക്കൂ. ഞാൻ നിങ്ങൾക്ക് ബ്രഹ്മാവിലൂടെ രാജയോഗം പഠിപ്പിച്ച് കൊണ്ടിരിക്കുകയല്ലേ പിന്നെ നിങ്ങൾ ബ്രഹ്മാകുമാർ കുമാരിമാർ കേട്ടുകൊണ്ടിരിക്കുന്നു. എത്ര സഹജമായ നേരായ കാര്യമാണ്. ഇത് ഗോശാലയാണ്. ശാസ്ത്രങ്ങളിൽ ബ്രഹ്മാവിന്റെ ഗോശാല എന്നും പറയുന്നുണ്ട്. വാസ്തവത്തിൽ ശിവബാബയുടെ ഗോശാലയാണ്, ശിവബാബ ഈ നന്ദീഗണത്തിലാണ് വരുന്നത് അതുകൊണ്ട് ഗോശാല എന്ന വാക്ക് കാരണം ശാസ്ത്രങ്ങളിൽ പശുവിനെയൊക്കെ കാണിച്ചിരിക്കുന്നു. ശിവജയന്തി ആഘോഷിക്കുന്നു അപ്പോൾ തീർച്ചയായും ശിവൻ വന്നിട്ടുണ്ട്. തീർച്ചയായും ഏതെങ്കിലും ശരീരത്തിൽ വന്നിട്ടുണ്ടാകും. ഇത് ഗോഡ്ഫാദറിന്റെ സ്കൂളാണ് എന്ന് നിങ്ങൾക്കറിയാം. ശിവഭഗവാനാണ് പറയുന്നത്. ബാബയാണ് ജ്ഞാന സാഗരവും പതീത പാവനനും. കൃഷ്ണൻ സ്വയം പാവനമാണ്, കൃഷ്ണന് പതീത ശരീരത്തിൽ വരേണ്ട ആവശ്യം എന്താണ്. ദൂരദേശത്ത് വസിക്കുന്നവൻ അന്യദേശത്ത് വന്നു. . . . . ഇങ്ങനെ പാടുന്നുണ്ട്. ശരീരവും അന്യന്റേതാണ്. അപ്പോൾ തീർച്ചയായും ശിവബാബ ഇദ്ദേഹത്തെ രചിച്ചു അങ്ങനെയാണ്

മനുഷ്യ സൃഷ്ടി രചിക്കപ്പെട്ടത്. ഇത് ബാപ്ദാദയാണ് എന്ന് വ്യക്തമായി. പ്രജാപിതാ ബ്രഹ്മാവാണ് ആദി ദേവനും മഹാവീരനും കാരണം മായയെ ജയിച്ചു. ജഗദംബയും ശ്രീലക്ഷ്മിയും പ്രശസ്തമാണ്. ജഗദംബ ബ്രഹ്മാവിന്റെ പുത്രിയായ സരസ്വതിയാണ് എന്ന് ലോകത്തിലുള്ളവർക്ക് അറിയില്ല. ജഗദംബ സരസ്വതിയും ബ്രഹ്മാകുമാരിയാണ്. ഇവരും ബ്രഹ്മാകുമാരിയാണ്. ശിവബാബ ബ്രഹ്മാവിന്റെ മുഖത്തിലൂടെ ഇവരെ തന്റേതാക്കിയിരിക്കുന്നു. ഈ സർവ്വരുടേയും ബുദ്ധിയോഗം ആ ബാബയുമായിട്ടാണ്. പരമാത്മാവുമായി ബുദ്ധിയോഗം വെയ്ക്കൂ എന്ന് പറയുന്നുണ്ട്. മററ് സർവ്വതിൽ നിന്നും മാറ്റി ഒന്നുമായി വെയ്ക്കൂ. ആ ഒന്നാണ് ഭഗവാൻ. പക്ഷേ അറിയുന്നില്ല. എങ്ങനെ അറിയാനാണ്?ബാബ എപ്പോഴാണോ വന്ന് പരിചയം നല്കുന്നത് അപ്പോഴാണ് നിശ്ചയമുണ്ടാകുന്നത്. ഇന്നത്തെക്കാലത്ത് ഇങ്ങനെയാണ് പഠിപ്പിക്കുന്നത് – ആത്മാവ് തന്നെയാണ് പരമാത്മാവ്. . . . . . . . . . . അതിലൂടെ സംബന്ധം തന്നെ ഇല്ലാതായി. നിങ്ങൾ കുട്ടികൾ വാസ്തവത്തിൽ സത്യ സത്യമായ സത്യ നാരായണന്റെ കഥ കേൾക്കുകയാണ്. ബാബ സുഖദേവനും നിങ്ങൾ വ്യാസനുമാണ്. ഗീതയിലും വ്യാസന്റെ പേര് പറയുന്നുണ്ട്. അതും മനുഷ്യൻ തന്നെയാണ്. എന്നാൽ സത്യമായ വ്യാസൻ നിങ്ങളാണ്. നിങ്ങൾ ഉണ്ടാക്കുന്ന ഗീതയും നശിച്ച് പോകും. സത്യമായ ഗീതയും അസത്യമായ ഗീതയും ഇപ്പോഴുണ്ട്. സത്യഖണ്ഡത്തിൽ അസത്യത്തിന്റെ പേര് പോലും ഉണ്ടായിരിക്കില്ല. നിങ്ങൾ മുത്തച്ഛനിൽ നിന്നും സമ്പത്ത് എടുക്കുകയാണ്. ഈ ബാബയുടെ സമ്പത്ത് അല്ല. സ്വർഗ്ഗത്തിന്റെ രചയിതാവ് ശിവബാബയാണ് ബ്രഹ്മാവ് അല്ല. ബ്രഹ്മാവ് മനുഷ്യ സൃഷ്ടിയുടെ രചയിതാവാണ്. ബ്രഹ്മാ മുഖ കമലത്തിലൂടെ ബ്രാഹ്മണ വർണ്ണം രചിക്കുന്നു. നിങ്ങൾ ശിവന്റെ പേരക്കുട്ടികളാണ് അർത്ഥം ഈശ്വരീയ സമ്പ്രദായത്തിലുള്ളവരാണ്. ബാബയെ തന്റേതാക്കി മാറ്റി. ഗുരുവും പേരക്കുട്ടികളും എന്ന് പറയാറില്ലേ. നിങ്ങൾ സത്ഗുരുവിന്റെ ആൺ–പെൺ പേരക്കുട്ടികളാണ്. അവരുടേത് കേവലം ആൺ–പേരക്കുട്ടികളാണ്, പെൺകുട്ടികളല്ല. സത്ഗുരു ഒരേയൊരു ശിവബാബയാണ്. സത്ഗുരു ഇല്ലായെങ്കിൽ ഘോര അന്ധകാരമാണ് എന്ന് പറയുന്നുണ്ട്. നിങ്ങളുടെ ബ്രഹ്മാകുമാർ കുമാരി എന്ന പേര് വളരെ അതിശയകരമായതാണ്. എത്രമാത്രം ബാബ മനസ്സിലാക്കി തരുന്നു എന്നിട്ടും പല കുട്ടികളും മനസ്സിലാക്കുന്നില്ല. ബാബ പറയുന്നു, പരിധിയില്ലാത്ത അച്ഛനെ അറിയുന്നതിലൂടെ നിങ്ങൾ സർവ്വതും മനസ്സിലാക്കുന്നു. സത്യയുഗത്തിലും ത്രേതായുഗത്തിലും സൂര്യവംശി ചന്ദ്രവംശി രാജ്യമായിരുന്നു. രാവണ രാജ്യത്തിൽ ബ്രഹ്മാവിന്റെ രാത്രി ആരംഭിക്കുന്നു. നിങ്ങളാണ് പ്രാക്ടിക്കലിൽ ബ്രഹ്മാകുമാർ കുമാരിമാർ. സത്യയുഗത്തിനെ തന്നെയാണ് സ്വർഗ്ഗം എന്ന് പറയുന്നത് അവിടെ നെയ്യിന്റെയും പാലിന്റേയും നദികൾ ഒഴുകുന്നു. ഇവിടെ നെയ്യ് ലഭിക്കുന്നതേയില്ല. ബാബ പറയുന്നു കുട്ടികളേ ഈ പഴയ ലോകം നശിക്കാൻ പോവുകയാണ്. ഒരു ദിവസം ഈ ലോകത്തിന് തീ പിടിക്കും,സർവ്വതും നശിക്കും പിന്നെ എന്നിൽ നിന്നും സമ്പത്ത് എടുക്കുവാൻ സാധിക്കില്ല.

ഞാൻ വരുമ്പോൾ തീർച്ചയായും ശരീരത്തിന്റെ ലോൺ എടുക്കേണ്ടതായുണ്ട്. വീട് വേണമല്ലോ. ബാബ എത്ര രമണീകമായാണ് മനസ്സിലാക്കി തരുന്നത്. നിങ്ങൾ ഇപ്പോൾ എന്നിൽ നിന്നും സർവ്വതും മനസ്സിലാക്കി. ഈ ചക്രം എങ്ങനെയാണ് കറങ്ങുന്നത്,ഇത് ആർക്കും അറിയില്ല. ആരാണ് 84 ജന്മം എടുക്കുന്നത്?സർവ്വരും എടുക്കുന്നില്ല. ആദ്യം വരുന്ന ദേവീ ദേവതകൾ തന്നെയാണ് 84 ജന്മം എടുക്കുന്നത്. ഞാൻ അവരെ വീണ്ടും രാജയോഗം പഠിപ്പിക്കുന്നു. ഭാരതത്തെ വീണ്ടും നരകത്തിൽ നിന്നും സ്വർഗ്ഗമാക്കുവാൻ ഞാൻ വരുന്നു. ഞാനാണ് ഇതിനെ മോചിപ്പിക്കുന്നത്. ഗൈഡായി തിരികെയും കൊണ്ട് പോകുന്നു. എന്നെ ജ്യോതി സ്വരൂപം എന്നും പറയുന്നു. ജ്യോതി സ്വരൂപന് വരേണ്ടി വരുന്നു,സ്വയം പറയുന്നു കുട്ടികളേ ഞാൻ നിങ്ങളുടെ അച്ഛനാണ്. എന്റെ ജ്യോതി ഒരിയ്ക്കലും അണയുന്നില്ല. അത് ഒരു നക്ഷത്രമാണ് ഭൃകുടി മദ്ധ്യത്തിൽ വസിക്കുന്നു. മറ്റ് സർവ്വ ആത്മാക്കളും ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊന്ന് എടുക്കുന്നു. ആത്മാവാകുന്ന നക്ഷത്രത്തിൽ 84 ജന്മങ്ങളുടെ പാർട്ട് അവിനാശിയായി അടങ്ങിയിരിക്കുന്നു. 84 ജന്മം എടുത്ത് പിന്നെ ആദ്യ നമ്പർ മുതൽ ആരംഭിക്കുന്നു. ഏതുപോലെയാണോ രാജാവും റാണിയും അതുപോലെയായിരിക്കും പ്രജകളും. അല്ലായെങ്കിൽ പറയൂ ആത്മാവിൽ ഇത്രയും പാർട്ട് എവിടെ നിന്നാണ് നിറഞ്ഞത്. ഇതിനെ പറയുന്നത് വളരെ ഗുഹ്യമായ അതിശയകരമായ കാര്യം എന്നാണ്. മുഴുവൻ മനുഷ്യ സൃഷ്ടിയിലേയും ആത്മാക്കളുടെ പാർട്ട് അടങ്ങിയിട്ടുണ്ട്. ബാബ പറയുന്നു,എന്നിൽ ഈ പാർട്ടാണുള്ളത്,അതും അവിനാശിയാണ്. അതിൽ ഒരിയ്ക്കലും മാറ്റം വരുത്തുവാൻ സാധിക്കില്ല. എന്റെ പാർട്ടിനെ ബ്രഹ്മാകുമാർ കുമാരിമാരാണ് അറിയുന്നത്. പാർട്ടിനെ ജീവചരിത്രം എന്ന് പറയുന്നു. പ്രജാപിതാ ബ്രഹ്മാവുണ്ട് അപ്പോൾ തീർച്ചയായും ജഗദംബയും ഉണ്ടാകും. അവരും ശൂദ്രനിൽ നിന്നും ബ്രാഹ്മണനായി മാറി. നിങ്ങൾ കുട്ടികൾക്കറിയാം നമ്മുടെ ബുദ്ധിയോഗം ഒരു ബാബയുമായിട്ടാണ്, നമ്മുടെ സ്നേഹം ഒരാളുമായിട്ട് തന്നെയാണ്. അവ്യഭിചാരിയായ സ്നേഹത്തിന് സമയമെടുക്കുന്നില്ല. മായയാകുന്ന പൂച്ചയും ചെറുതല്ല. ചില സ്ത്രീകളുണ്ട് അവർക്ക് പരസ്പരം ഈർഷ്യയുണ്ടായിരിക്കും. നമ്മൾ ശിവബാബയെ സ്നേഹിക്കുന്നു അപ്പോൾ മായയ്ക്ക് ഈർഷ്യ തോന്നുന്നു അതുകൊണ്ട് കൊടുങ്കാറ്റ് കൊണ്ട് വരുന്നു. നിങ്ങൾ ആഗ്രഹിക്കുന്നു പകിട കളിയിൽ വിജയിക്കാൻ ,പക്ഷെ

മായയാകുന്ന പൂച്ച തോൽപ്പിക്കുന്നു. നിങ്ങൾ കുടുംബത്തിലിരിക്കുകയാണ് കേവലം നിങ്ങളുടെ ബുദ്ധിയോഗം ദേഹ സഹിതം ദേഹത്തിന്റെ സർവ്വ സംബന്ധങ്ങളിൽ നിന്നും മാറ്റൂ,എന്നിട്ട് പറയുന്നു എന്നെ ഓർമ്മിക്കൂ. ഞാൻ നിങ്ങളുടെ വളരെ പ്രിയപ്പെട്ട അച്ഛനാണ്. ഞാൻ നിങ്ങളെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കും, എന്റെ ശ്രീമതമനുസരിച്ച് നടക്കുകയാണെങ്കിൽ. ബ്രഹ്മാവിന്റെ നിർദ്ദേശങ്ങളും പ്രസിദ്ധമാണ്. അപ്പോൾ തീർച്ചയായും ബ്രഹ്മാവിന്റെ കുട്ടികളുടേതും പ്രശസ്തമാകും. അവരും അങ്ങനെയുള്ള നിർദ്ദേശങ്ങൾ തന്നെയാണ് നല്കുന്നത്. ഈ മുഴുവൻ സൃഷ്ടി ചക്രത്തിന്റെയും കാര്യങ്ങൾ ബാബ തന്നെയാണ് പറഞ്ഞ് തരുന്നത്. കുട്ടികളെയൊക്കെ സംരക്ഷിച്ചോളൂ പക്ഷേ ബുദ്ധിയോഗം ബാബയുമായിട്ടായിരിക്കണം. ഇത് ശവപറമ്പാണ് എന്ന് മനസ്സിലാക്കൂ,നമ്മൾ സ്വർഗ്ഗത്തിൽ പോവുകയാണ്. എത്ര സഹജമായ കാര്യമാണ്.

ബാബ പറയുന്നു ഏതെങ്കിലും സാകാരിയുമായോ ആകാരി ദേവതയുമായിട്ടോ ബുദ്ധിയോഗം വെയ്ക്കരുത്. ബാബ ദല്ലാളായി പറയുന്നു. ആത്മാക്കളും പരമാത്മാവും വളരെക്കാലം വേറിട്ടിരുന്നു എന്ന് പാടുന്നുണ്ടല്ലോ അല്ലേ. ദേവീ ദേവതകളാണ് വളരെക്കാലമായിട്ട് വേറിട്ടിരിക്കുന്നത്. അവർ തന്നെയാണ് ആദ്യമാദ്യം പാർട്ട് അഭിനയിക്കുവാൻ വരുന്നത്. സത്ഗുരുവിനെ ദല്ലാളിലൂടെ ലഭിച്ചപ്പോളാണ് സുന്ദരമായ മേള നടക്കുന്നത്. ദല്ലാളിന്റെ രൂപത്തിൽ പറയുന്നു, എന്നെ മാത്രം ഓർമ്മിക്കൂ പിന്നെ നമ്മൾ കാമ ചിതയിൽ നിന്നും ഇറങ്ങി ജ്ഞാന ചിതയിലിരിക്കും എന്ന് പ്രതിജ്ഞ ചെയ്യൂ. പിന്നെ നിങ്ങൾ രാജ്യഭാഗ്യം നേടും. നമ്മൾ എത്ര സമയം വളരെ പ്രിയപ്പെട്ട ബാബയെ ഓർമ്മിക്കുന്നു എന്ന കണക്ക് വയ്ക്കണം. കന്യകമാർ രാത്രിയും പകലും പതിയെ ഓർമ്മിക്കുന്നില്ലേ. ബാബ പറയുന്നു – അല്ലയോ നിദ്രയെ ജയിക്കുന്ന കുട്ടികളേ, ഇപ്പോൾ പുരുഷാർത്ഥം ചെയ്യൂ. ഒരു മണിക്കൂർ, അരമണിക്കൂർ. . . . . അങ്ങനെ തുടങ്ങൂ പിന്നെ പതുക്കെ പതുക്കെ വർദ്ധിപ്പിക്കൂ. എന്നിൽ യോഗം വെയ്ക്കുകയാണെങ്കിൽ പാസ്സ് വിത്ത് ഓണറാകും. ഇത് ബുദ്ധിയുടെ മത്സരമാണ്. സമയമെടുക്കുന്നു, ബുദ്ധിയോഗത്തിലൂടെ തന്നെയാണ് പാപം നശിക്കുന്നത്. പിന്നെ നിങ്ങൾ അചഞ്ച ലവും അഖണ്ഡവും സുഖ ശാന്തിമയവുമായി 21 ജന്മം രാജ്യം ഭരിക്കും. കല്പത്തിനു മുൻപും രാജ്യം ഭരിച്ചിരുന്നു, ഇപ്പോൾ വീണ്ടും രാജ്യഭാഗ്യം നേടൂ. കല്പ കല്പം നമ്മൾ തന്നെയാണ് സ്വർഗ്ഗം ഉണ്ടാക്കുന്നത്,രാജ്യം ഭരിക്കുന്നത്. പിന്നെ നമ്മളെ തന്നെയാണ് മായ നരകവാസിയാക്കുന്നത്. ഇപ്പോൾ നമ്മൾ രാമന്റെ സമ്പ്രദായത്തിലുള്ളവരാണ്. നമുക്ക് ആ രാമനോട് സ്നേഹമുണ്ട്. ബാബ നമുക്ക് നമ്മുടെ തിരിച്ചറിവ് നല്കി. ബാബ സ്വർഗ്ഗത്തിന്റെ രചയിതാവാണ്. നമ്മൾ ആ ബാബയുടെ കുട്ടികളാണ് പിന്നെ നമ്മൾ എന്തുകൊണ്ടാണ് നരകത്തിലായിപ്പോയത്? തീർച്ചയായും എപ്പോഴോ സ്വർഗ്ഗത്തിലായിരുന്നു. ബാബയാണ് സ്വർഗ്ഗം രചിക്കുന്നത്. ബ്രഹ്മാകുമാർ കുമാരിമാർ സർവ്വർക്കും പ്രാണൻ ദാനം നല്കുന്നവരാണ്. അവരുടെ പ്രാണനെ ഒരിയ്ക്കലും കാലൻ വന്ന് നിയമവിരുദ്ധമായോ അകാലത്തിലോ കൊണ്ട് പോകില്ല. അവിടെ അകാല മരണം നടക്കുക അസംഭവ്യമാണ്. അവിടെ കരയുകയും ഇല്ല. കൃഷ്ണൻ എങ്ങനെയാണ് ജന്മം എടുക്കുന്നത് എന്ന് നിങ്ങൾ സാക്ഷാത്ക്കാരത്തിലൂടെ കണ്ടിട്ടുണ്ട്. വിളക്ക് തെളിയുന്നത് പോലെയാണ്. സത്യയുഗത്തിന്റെ ആദ്യത്തെ രാജകുമാരനല്ലേ. കൃഷ്ണനാണ് നമ്പർവൺ സതോപ്രധാനം. പിന്നെ സതോ രജോ തമോയിലേയ്ക്ക് വരുന്നു. എപ്പോഴാണോ തമോ ജീർണ്ണിച്ച ശരീരമാകുന്നത് അപ്പോൾ ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊന്ന് എടുക്കുന്നു. ഈ അഭ്യാസം ഇവിടെയാണ് ചെയ്യുന്നത്. ബാബാ ഇപ്പോൾ നമ്മൾ താങ്കളുടെ അടുക്കൽ വരികയാണ് പിന്നെ അവിടെ നിന്ന് നമ്മൾ സ്വർഗ്ഗത്തിൽ പോയി പുതിയ ശരീരം എടുക്കും. ഇപ്പോൾ ബാബയുടെ അടുക്കൽ പോകണമല്ലോ അല്ലേ. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യസാരം –

1. അകാല മരണത്തിൽ നിന്നും രക്ഷപ്പെടുന്നതിനു വേണ്ടി സർവ്വർക്കും പ്രാണദാനം നല്കുവാനുള്ള സേവനം ചെയ്യണം. രാവണ സമ്പ്രദായത്തെ രാമ സമ്പ്രദായമാക്കണം.

2. ഹൃദയത്തിൽ നിന്നുള്ള സ്നേഹം ഒരു ബാബയോട് വെയ്ക്കണം. ബുദ്ധിയോഗം അലയിക്കരുത്, നിദ്രയെ ജയിച്ച് ഓർമ്മിക്കുന്നത് വർദ്ധിപ്പിക്കണം.

**വരദാനം:- ശ്രീമത്തനുസരിച്ച് "ശരി, യജമാനേ" എന്ന് പറഞ്ഞ് യജമാനന് ഹാജരാണ് എന്ന് അനുഭവം ചെയ്യുന്ന സർവ്വപ്രാപ്തി സമ്പന്നരായി ഭവിക്കട്ടെ.**

ഓരോ കാര്യത്തിലും ബാബയുടെ ശ്രീമത്ത് പ്രമാണം "ശരി യജമാനേ, ശരി യജമാനേ" എന്ന് പറയുമ്പോൾ കുട്ടികൾ ശരി യജമാനേ എന്ന് പറഞ്ഞതും ബാബയുടെ കുട്ടികളുടെ മുന്നിൽ യജമാനന് ഹാജരാകണം. എപ്പോൾ യജമാനൻ ഹാജരായോ പിന്നെ ഏതൊരു കാര്യത്തിന്റെയും കുറവ് ഉണ്ടാകില്ല, സദാ സമ്പന്നമായിരിക്കും. ദാതാവും ഭാഗ്യവിധാതാവും- രണ്ടിന്റെയും പ്രാപ്തികളുടെ ഭാഗ്യത്തിന്റെ നക്ഷത്രം മസ്തകത്തിൽ തിളങ്ങിക്കൊണ്ടിരിക്കും.

**സ്ലോഗൻ:- പരമാത്മാ സമ്പത്തിന്റെ അധികാരിയായിരിക്കൂ എങ്കിൽ അധീനതയിൽ വരികയില്ല.**